# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

5924 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കിയതിലൂടെ ഏതൊക്കെ കാർഷിക ഉൽപ്പന്നങ്ങൾക്കാണ് ഉല്പാദന വർദ്ധനവുണ്ടായത്?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

കാർഷിക മേഖലയിലെ വിഭവ വർദ്ധനവ്

5925 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള വായ്പകൾ, സർക്കാർ സഹായങ്ങൾ, സബ്സിഡികൾ എന്നിവയ്ക്ക് ആനുപാതികമായ മുതൽമുടക്ക് കാർഷിക മേഖലയിൽ ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ ഇക്കാര്യം വിലയിരുത്താറുണ്ടോ; എങ്കിൽ അത് സംസ്ഥാനതലത്തിൽ ക്രോഡീകരിക്കാറുണ്ടോ; കഴിഞ്ഞ രണ്ടുവർഷത്തെ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) പലിശരഹിതമായും സബ്സിഡിയോടെയും നൽകുന്ന വായ്പകൾ, കാർഷിക മേഖലയ്ക്ക് നൽകുന്ന സഹായങ്ങൾ എന്നിവയ്ക്ക് ആനുപാതിക മുതൽമുടക്കും, കാർഷിക വിഭവ വർദ്ധനയും ഉണ്ടാകുന്നുണ്ടോ എന്നും ഇല്ലെങ്കിൽ കാരണങ്ങളെന്തെന്ന് കണ്ടെത്താനും ശുപാർശകൾ നൽകാനും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം</u>

5926 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷമായി കേരളത്തിൽ എത്ര ഏക്കർ ഭൂമിയിലാണ് പച്ചക്കറി ഉല്പാദനം നടത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പച്ചക്കറിവില നിയന്ത്രിക്കുന്നതിന് നടപടി</u>

T-5927 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറിക്ക് സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ ഭാരിച്ച വിലയീടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറിവില നിയന്ത്രിക്കുന്നതിന് വേണ്ടി ആരംഭിച്ച ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ കാര്യമായ വിലക്കുറവില്ല യെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിലനിലവാരം പോലും പ്രദർശിപ്പിക്കാതെ ചെറുകിട പച്ചക്കറി വ്യാപാരികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നതി നെതിരെ പച്ചക്കറി വിപണിയിൽ ഇടപെടലുകൾ ഉണ്ടാകുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കാർഷിക വിളകളുടെ വിലത്തകർച്ച</u>

5928 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലതകർച്ച മൂലം കർഷകർ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലത്തകർച്ച നേരിടുന്ന വിളകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിലത്തകർച്ച നേരിടുന്ന വിളകൾക്ക് വില സ്ഥിരത കൈവരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊളളും?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ജൈവ കൃഷി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി</u>

5929 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ കൃഷി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് ജൈവകൃഷി നടപ്പാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തദ്ദേശ തലത്തിലാണ് ജൈവകൃഷി നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;

(ഡി) ജൈവകൃഷി വ്യാപനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ജൈവകൃഷി വികസനം

5930 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി വികസനത്തിലൂടെ ഒരു തനത് ആഗോള ബ്രാന്റ് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യ ഘട്ടം പ്രവർത്തനങ്ങൾ ഏതുവരെയായി എന്നതിന്റെ വിശദവിവരം നല്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആദ്യഘട്ട പ്രവർത്തനത്തിന് താലൂക്കുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ;

(ഡി) പദ്ധതി വിജയകരമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സമുദ്ര നിരപ്പിന് താഴെയുള്ള കൃഷി</u>

5931 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
'' എൻ. എ. നെല്ലിക്കുന്ന്
'' പി. കെ. ബഷീർ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്രനിരപ്പിനു താഴെയുള്ള കൃഷി സംബന്ധിച്ച് ഒരു അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സമുദ്ര നിരപ്പിന് താഴെ കൃഷി ഭൂമിയുള്ള ജില്ലകൾ ഏതൊക്കെയാണ്; ഇവിടം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സ്വീകരിച്ചിരുന്ന പരമ്പരാഗത സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; പരമ്പരാഗത സംവിധാനത്തിൽ എന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

കര്‍ഷകരുടെ ഡാറ്റാബേസ്

5932 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം കൃഷി ഭവനുകളിലാണ് കര്‍ഷകരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഇതിലൂടെ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കര്‍ഷക മാര്‍ക്കറ്റുകള്‍</u>

5933 ശ്രീ. സി. മമ്മൂട്ടി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, എം. ഉമ്മര്‍
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓരോ താലൂക്കിലും സ്ഥാപിക്കാനുദ്ദേശിക്കുന്ന കര്‍ഷക മാര്‍ക്കറ്റുകളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദവിവരം നല്കാമോ ;

(ബി) ഈ മാര്‍ക്കറ്റുകള്‍ ആരുടെ ചുമതലയില്‍ പ്രവര്‍ത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവ പ്രകൃതി സൗഹൃദമായിരിക്കാന്‍ എന്തൊക്കെ സംവിധാനങ്ങളാണ് ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നത് ;

(ഡി) ഇവ എത്രയും പെട്ടെന്ന് പ്രവര്‍ത്തനക്ഷമമാക്കാന്‍ നിര്‍ദ്ദേശം നല്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയില്‍ തൊഴിലുറപ്പ് പദ്ധതി</u>

5934 ശ്രീ. ഇ. പി. ജയരാജന്‍
,, സി. കെ. സദാശിവന്‍
,, വി. ചെന്താമരാക്ഷന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയില്‍ നിന്നും കാര്‍ഷിക മേഖലയെ ഒഴിവാക്കിയത് സംസ്ഥാനത്തിന്റെ പച്ചക്കറി ഉല്പാദനത്തെ ഏതെല്ലാം നിലയില്‍ ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വര്‍ഷം കാര്‍ഷിക മേഖലയില്‍ തൊഴിലുറപ്പ് പദ്ധതിയിന്‍ കീഴില്‍ ചെലവാക്കപ്പെട്ട തുകയെ സംബന്ധിച്ച് കണക്ക് ലഭ്യമാണോ ; എങ്കില്‍ വിശദമാക്കുമോ ;

(സി) കൃഷിക്കാവശ്യമായ എന്തെല്ലാം സൗകര്യങ്ങളായിരുന്നു തൊഴിലുറപ്പ് പദ്ധതിയിന്‍ കീഴില്‍ ലഭ്യമാക്കിയിരുന്നത് ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി

5935 ശ്രീ. പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം കർഷകർക്കാണ് പദ്ധതി അനുസരിച്ച് പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

സ്വർണ്ണപ്പണയത്തിന്മേൽ അനുവദിക്കുന്ന കാർഷിക വായ്പ

5936 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി സഹകരണ ബാങ്കുകൾ നല്കുന്ന സ്വർണ്ണപ്പണയ വായ്പകളിന്മേൽ ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) കൃഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ ആശ്രയിക്കാവുന്ന വായ്പാ മാർഗ്ഗമെന്ന നിലയിൽ, ഇതര ബാങ്കുകളിൽ കുറഞ്ഞ പലിശക്ക് സ്വർണ്ണപ്പണയ വായ്പ ലഭ്യമാക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

കൃഷിനാശം സംഭവിക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ

5937 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സഹായ തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇവർ അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വിളനാശത്തിന് നഷ്ടപരിഹാരവും ഇൻഷ്വറൻസ് പരിരക്ഷയും</u>

5938 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ കോട്ടയം ജില്ലയിലെ കോട്ടയം കരി പാടശേഖരം ഉൾപ്പെടെ വിവിധ പാടശേഖരങ്ങളിൽ വെള്ളം കയറി കൃഷി നാശം ഉണ്ടായതിന് നഷ്ടപരിഹാരവും ഇൻഷ്വറൻസ് പരിരക്ഷയും നല്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) വെള്ളം കയറി നശിച്ചത് 'പ്രകൃതിക്ഷോഭം' അല്ലെന്ന വ്യാഖ്യാനത്തിൽ കൃഷിക്കാരന് യഥാസമയം നഷ്ടപരിഹാരം നൽകാത്തത് മൂലം നെൽകൃഷിയിൽ നിന്നും കർഷകർ പിൻവാങ്ങുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കാർഷിക വിളകളുടെ നഷ്ടപരിഹാരവും ഇൻഷ്വറൻസ് തുകയും കാലതാമസം കൂടാതെ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>കാലവര്‍ഷക്കെടുതിയില്‍ കൃഷിനാശം</u>

5939 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരു മാസത്തിനിടയിലുണ്ടായ കാലവര്‍ഷക്കെടുതിയില്‍ എത്ര കൃഷിക്കാര്‍ക്ക് എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഇതിനകം എത്ര കൃഷിക്കാര്‍ക്ക് എത്ര രൂപയുടെ സഹായം സര്‍ക്കാര്‍ വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**08.07.2013–ലെ മറുപടിക്ക്**

<u>കാലവർഷക്കെടുതിയിൽ പാലക്കാട് ജില്ലയിലുണ്ടായ കൃഷിനാശം</u>

5940 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ കൃഷിക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) കാലവർഷക്കെടുതിയിലുണ്ടായ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷിക്കാർക്കുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) പാലക്കാട് ജില്ലയിൽ ഇപ്രകാരം കൃഷി നാശത്തിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം</u>

5941 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയെ തുടർന്ന് പാലക്കാട് ജില്ലയിൽ തെങ്ങുകൾക്ക് നാശം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്;

(ഡി) തെങ്ങുകൃഷിയെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>ആലപ്പുഴ ജില്ലയിലെ വരൾച്ച ദുരിതാശ്വാസം</u>

5942 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കാർഷിക മേഖലയിലുണ്ടായ വരൾച്ചാ ക്കെടുതികൾക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര കർഷകർക്ക് പ്രസ്തുത ധനസഹായം നൽകി ;

(സി) നെൽകർഷകരുടെ വായ്പ കുടിശ്ശിക വരൾച്ചാ ധനസഹായത്തിൽ ഉൾപ്പെടുത്തി എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ കർഷക കടാശ്വാസം</u>

5943 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ അവാർഡ് തുക, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ആലപ്പുഴ ജില്ലയിലെ എത്ര ധനകാര്യ സ്ഥാപനങ്ങൾക്ക് എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക സർക്കാരിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്തതു മൂലം കർഷകരുടെ ആധാരങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ മടക്കി നൽകാത്തതും നിയമ നടപടികൾ തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിൽ കാലവർഷത്തിലുണ്ടായ കൃഷിനാശം

5944 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പലയിടത്തും കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷക്കെടുതിയിൽ ഉണ്ടായ കൃഷിനാശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; കൊയിലാണ്ടി മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷിനാശമാണ് തിട്ടപ്പെടുത്തിയത്; കൃഷി നഷ്ടപ്പെട്ട കർഷകർ എത്ര; കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനഷ്ടം, കർഷകരുടെ അധ്വാനം, ഉൽപ്പന്നത്തിന്റെ വിപണനം വഴി കിട്ടാവുന്ന ആദായം, അത് വഴി ഉണ്ടാവുന്ന വരുമാനത്തിന്റെ അളവ് എന്നിവ കണക്കിലെടുത്ത് നഷ്ടപരിഹാരം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം ഇത്തരം പ്രകൃതിദുരന്തങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാർഷിക മേഖലയിൽ ഉൽപാദന വളർച്ചയും കാർഷിക വളർച്ചയും സാധ്യമാകുന്നതിന് ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് കാർഷിക കടാശ്വാസ സംനടപ്പിലാക്കിയ മാതൃകയിൽ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ വിശദമാക്കാമോ;

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

(എഫ്) സംസ്ഥാനത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷി ഭൂമി സംരക്ഷിക്കാനും പാടശേഖരങ്ങൾ കൃഷിയ്ക്ക് ഉപയോഗപ്പെടുത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ജി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ ചല്ലി കൃഷി യോഗ്യമാകുന്നതിനായി ലഭിച്ച അപേക്ഷ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഈ പ്രദേശം കൃഷി യോഗ്യമാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ; ആവശ്യമായ പണം വകയിരുത്തുമോ ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

മാതൃകാ ഹരിത ഗ്രാമങ്ങൾ

5945 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിനുകീഴിൽ മാതൃകാ ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) മാതൃകാ ഹരിത ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>'വീട്ടിൽ ഒരു മാവ്' പദ്ധതി</u>

5946 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വീട്ടിൽ ഒരു മാവ്' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകളിൽ ഇതിനകം നടപ്പാക്കി;

(ബി) ഈ പദ്ധതി എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളെ എങ്ങനെയാണ് തെരഞ്ഞെടുത്തതെന്ന് വിശദമാക്കുമോ;

(ഡി) തരൂർ മണ്ഡലത്തിൽ ഏത് പഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ബജറ്റിൽ എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; ഇതിനകം എന്തു തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>ഇന്റർ നാഷണൽ കോക്കനെട്ട് ജെനറ്റിക് റിസോഴ്സസ് നെറ്റ്വർക്ക്</u>

5947 ശ്രീ.കെ.എം.ഷാജി
'' എൻ.ഷംസുദ്ദീൻ
'' വി.എം.ഉമ്മർ മാസ്റ്റർ
'' സി.മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളുടെ ജീനുകൾ സംരക്ഷിക്കാനുള്ള ഇന്റർനാഷണൽ കോക്കനെട്ട് ജെനറ്റിക് റിസോഴ്സസ് നെറ്റ് വർക്കിൽ സംസ്ഥാന കാർഷിക ഗവേഷണ വിഭാഗങ്ങളുടെ പങ്കാളിത്തം എത്രത്തോളമുണ്ടെന്നതിന്റെ വിശദ വിവരം നൽകാമോ;

(ബി) പ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ സൃഷ്ടിക്കാനുള്ള കോഗെന്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാന കാർഷിക ഗവേഷണ വിഭാഗം, സി.പി.സി.ആർ.ഐ, ഐ.സി.എ.ആർ എന്നിവയുമായി സഹകരിച്ച് എന്തൊക്കെ പ്രവൃത്തികളിൽ ഭാഗഭാക്കാകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) തെങ്ങിൻ തൈകളുടെ സംരക്ഷണത്തിന് ചകിരി ഉപയോഗിച്ചുള്ള കൊക്കോട്രീമാറ്റിന്റെ ഗവേഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തരിശുരഹിത പദ്ധതി</u>

5948 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ, സ്വയംപര്യാപ്തത എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് തരിശുരഹിത പദ്ധതി കൃഷി വകുപ്പ് നടപ്പാക്കാനാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) തരിശു ഭൂമിയിൽ ഏതെല്ലാം ഇനം കൃഷികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ഭൂമിയിൽ കൃഷി ഇറക്കുന്നതിനും വിളവെടുക്കുന്നതിനുമുളള ചുമതല ആർക്കാണ് നൽകിയിട്ടുളളത്; വിത്തിനങ്ങൾ, വളങ്ങൾ എന്നിവ എങ്ങനെയാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജിനായി അനുവദിച്ച തുക</u>

5949 ശ്രീ.കെ.കെ.ജയചന്ദ്രൻ
'' എസ്.രാജേന്ദ്രൻ
'' സാജു പോൾ
'' കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിനായി കേന്ദ്ര സർക്കാർ എത്ര തുകയാണ് ഇതു വരെ അനുവദിച്ചിട്ടുള്ളത്; ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്;

(ബി) ഇടുക്കി പാക്കേജിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികൾ ഇതിനകം ഏറ്റെടുത്തു നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര തുക വിനിയോഗിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ജാതിയ്ക്കക്കും ജാതിപത്രിയ്ക്കും താങ്ങുവില</u>

5950 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാതിയ്ക്കയുടേയും, ജാതിപത്രിയുടേയും വില ഗണ്യമായി കുറഞ്ഞതു മൂലം ജാതി കർഷകർക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജാതിയ്ക്കക്കും ജാതിപത്രിയ്ക്കും താങ്ങു വില പ്രഖ്യാപിക്കുന്നതിനും അവ സർക്കാർ ഏജൻസി വഴി സമാഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ കൃഷിചെയ്യാൻ അനുമതി</u>

5951 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ കൃഷി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) മോൺസാന്റോയുടെ വിത്തിനങ്ങൾ കേരളത്തിൽ കൃഷി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഹൈബ്രീഡ് വിത്തുകൾ എന്ന പേരിൽ സംസ്ഥാനത്ത് വിറ്റഴിക്കുന്ന ബഹുരാഷ്ട്ര കമ്പനികളുടെ വിത്തുകൾ ജനിതകമാറ്റം വരുത്തിയവയല്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ജനിതകമാറ്റം നടത്തിയ വിത്തുകളെ സംബന്ധിച്ച ഗവേഷണം നടത്താൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>വളം സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം</u>

5952 ശ്രീ. ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
,, ബാബു എം പാലിശ്ശേരി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളം സബ്സിഡി വീണ്ടും വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തീരുമാനം സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കർഷകരെ വളം വിലയുടെ വർദ്ധനവിന്റെ ആഘാതത്തിൽ നിന്നും രക്ഷിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

വിത്തുക്ഷാമം പരിഹരിക്കുന്നതിന് നടപടി

5953 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ഇ.കെ.വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുള്ള വിവിധ വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ചയും, ഉല്പാദനക്കുറവും മൂലം നെൽകർഷകർ കടുത്ത വിത്തുക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വിത്തുക്ഷാമം മുതലെടുത്ത് മണ്ണിന് ദോഷം ചെയ്യുന്ന ഹൈബ്രിഡ് വിത്തുകളും അന്തക വിത്തുകളും സംസ്ഥാനത്തേക്ക് കടത്തി കൊണ്ടുവന്ന് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>അടുക്കള മാലിന്യത്തിൽ നിന്ന് വളം നിർമ്മിക്കുന്ന പദ്ധതി</u>

5954 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുക്കള മാലിന്യം ശേഖരിച്ച് വളം നിർമ്മിക്കുന്നതിനും പ്രസ്തുത വളം കൃഷി ഭവൻ വഴി ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കുമോ;

(ബി) നിലവിൽ അടുക്കളത്തോട്ടങ്ങൾക്കും മറ്റ് കാർഷിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന രാസ-ജൈവ വളങ്ങളുടെ ഗുണ മേന്മയും ദോഷങ്ങളും പരിശോധിക്കുവാൻ എന്തെങ്കിലും നടപടികൾ ഉണ്ടോ; ഇപ്രകാരം മാർക്കറ്റുകളിൽ ലഭിക്കുന്ന വളം ഉപയോഗിച്ചുള്ള കൃഷിരീതി എത്രമാത്രം ലാഭകരമാണെന്ന് പരിശോധിക്കുവാൻ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണം</u>

5955 ശ്രീ.സി. പി. മുഹമ്മദ്
'' സണ്ണി ജോസഫ്
'' ഐ.സി. ബാലകൃഷ്ണൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ കീഴിൽ കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്;

(സി) ഏതെല്ലാം പാക്കേജുകളിൽപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>എടത്തിരുത്തിയിൽ പാഡി വില്ലേജ് പദ്ധതി</u>

5956

ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ എടത്തിരുത്തിയിൽ പാഡി വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൃഷി ഡയറക്ടറേറ്റിൽ നിന്ന് പദ്ധതി രേഖ ലഭ്യമായിട്ടുണ്ടോ;

(സി) പദ്ധതി എന്ന് നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പച്ചക്കറി വികസന പദ്ധതി</u>

5957 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നടത്തുന്ന പച്ചക്കറി വികസന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെയും വ്യക്തികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വിസ്തൃതി പ്രദേശത്ത് പുതിയതായി പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

## ആർ.കെ.വി.വൈ. പദ്ധതികൾ

5958

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിന്നും 2011-2012, 2012-2013, 2013-2014 വർഷങ്ങളിൽ ആർ.കെ.വി.വൈ. പ്രകാരം പദ്ധതികൾ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഗ്രാമം നിറയെ കോഴി</u>

5959 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'ഗ്രാമം നിറയെ കോഴി', 'വീട്ടിൽ ഒരു മാവ്' പദ്ധതികൾ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കോഴി ഇറച്ചിയുടെ വില</u>

5960 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 മെയ്, ജൂൺ മാസത്തെ കോഴി ഇറച്ചിയുടെ ശരാശരി വില കിലോയ്ക്ക് എത്ര രൂപയായിരുന്നു;

(ബി) 2013 ജൂൺ മാസത്തെ ശരാശരി വില കിലോയ്ക്ക് എത്ര രൂപ യാണ്;

(സി) സാധാരണക്കാർക്ക് അപ്രാപ്യമാകും വിധം കോഴിയിറച്ചിയുടെ വില കുതിച്ചുയരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇറച്ചിക്കോഴിയുടെ വില കുതിച്ചുയരുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കുളത്തൂർ ഗ്രാമപഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവൃത്തികൾ</u>

5961 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗ്രാമപഞ്ചായത്തിൽ അരികത്ത് വിളാകം മഞ്ചാടിനട ഏലാ ബണ്ട് പുതുക്കിപ്പണിയൽ, അറുകാൽ മുടിപ്പുര തോടിന്റെ സൈഡ് വാൾ കെട്ടൽ തുടങ്ങിയ പ്രവൃത്തികളുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 24.04.2013-ലെ നമ്പർ.11579/പിപിഎം/13, നമ്പർ.11577/പിപിഎം/13 പ്രകാരം, കൃഷി വകുപ്പ് സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ നാളിതുവരെയായി ഈ പ്രവൃത്തികളുടെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ചേർത്തല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>

5962 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ജോലികൾ എന്നൊക്കെയാണ് ടെണ്ടർ ചെയ്തിരുന്നതെന്നും പ്രസ്തുത ജോലികൾ ചെയ്ത കരാറുകാർ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) 2013-2014 സാമ്പത്തിക വർഷം ചേർത്തല മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന ജോലികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ആരെല്ലാമാണെന്നും പ്രസ്തുത ജോലികളുടെ പുരോഗതി എവിടെവരെയായെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>നാട്ടിക കൃഷിഭവനുകളിലെ ഒഴിവുള്ള തസ്തികകൾ</u>

5963 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; വിവിധ തസ്തികകളിലായി എത്ര അംഗീകൃത തസ്തികകൾ നിലവിലുണ്ട്;

(ബി) ഇതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വളർത്തുമൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ</u>

5964 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കാലിവസന്ത, കുളമ്പുരോഗം എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തു നിന്നും കാലിവസന്ത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുളമ്പുരോഗ നിയന്ത്രണ പരിപാടി സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത്; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ആധുനിക കാലിത്തീറ്റ പ്ലാന്റ്, ആധുനികഡയറി ഫാമുകൾ ഹൈടെക് ലെയർ ഫാം</u>

5965 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എവിടെയെല്ലാമാണ് ആധുനിക കാലിത്തീറ്റപ്ലാന്റ്, ആധുനിക ഡയറി ഫാമുകൾ, ഹൈടെക് ലെയർ ഫാം എന്നിവ സ്ഥാപിച്ചതെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ</u>

5966 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഫാം സ്കൂൾ പദ്ധതി</u>

5967 ശ്രീ. കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം സ്കൂൾ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരത്തിലുള്ള ഫാം സ്കൂളുകളാണ് പദ്ധതിയനുസരിച്ച് രൂപീകരിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം പ്രായോഗിക പരിശീലനങ്ങളാണ് ഫാം സ്കൂളുകൾവഴി കർഷകർക്ക് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

5968 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ആദിവാസികൾക്ക് മാത്രമായി ഏതെല്ലാം പദ്ധതികൾ മൃഗസംരക്ഷണ വകുപ്പു വഴി നടപ്പാക്കിയെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ നീക്കിവെച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഈ പദ്ധതികൾ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിലാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഫാമുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>രാത്രിയിലും മൃഗചികിൽസാ സേവനം</u>

5969 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രിയിലും മൃഗചികിൽസാ സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലാണ് ഇവ പ്രവർത്തിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പാൽ, മാംസം, മുട്ട എന്നിവയുടെ സ്വയംപര്യാപ്തത</u>

5970 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യൂ. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ, മാംസം, മുട്ട എന്നിവയുടെ സ്വയം പര്യാപ്തതയ്ക്ക് ഈ സർക്കാർ സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കെ. എൽ. ഡി. സി. ഏറ്റെടുത്ത ഭൂമിയുടെ വില</u>

T-5971

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോൾ വികസനത്തിനായി (കെ. എൽ. ഡി. സി.) ഏറ്റെറ്റുത്ത ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഏറ്റെടുത്ത ഭൂമി പൂർണ്ണമായും കോൾ വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഏറ്റെടുത്ത ഭൂമിയ്ക്ക് ഉടമകൾക്ക് നല്കേണ്ട വില നല്കിയിട്ടുണ്ടോ; ഭൂവില നൽകുവാനുള്ള ചുമതല ഏതു വകുപ്പിനാണ്;

(ഡി) നിർണ്ണയിച്ച ആകെ ഭൂവില എത്രയാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കെ.എൽ.ഡി.സി ജീവനക്കാർക്ക് ശമ്പള പരിഷ്കരണം</u>

5972 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി ജീവനക്കാർക്ക് കേരള സർവ്വീസ് റൂൾസ് ബാധകമാണോ;

(ബി) ബാധകമാണെങ്കിൽ കേരള സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ യും മറ്റ് ആനുകൂല്യങ്ങളും കെ.എൽ.ഡി.സി ജീവനക്കാർക്ക് യഥാസമയം നൽകാറുണ്ടോ;

(സി) സർക്കാർ ജീവനക്കാർക്ക് അവസാനം ലഭിച്ച ശമ്പളപരിഷ്കരണം കെ.എൽ.ഡി.സി. ജീവനക്കാർക്ക് ലഭ്യമാക്കിയോ;

(ഡി) ഇല്ലെങ്കിൽ എന്താണു തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഇ) ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം അനുവദിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പള പരിഷ്കരണം</u>

5973 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ സർക്കാർ 13/3/2013-ൽ ഇറക്കിയ ഉത്തരവ് റദ്ദുചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ ഉത്തരവുമൂലം കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം;

(ബി) മൃഗസംരക്ഷണ വകുപ്പിൽ നിലവിലുളള ഐ. സി. ഡി. പി. സമ്പ്രദായം വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് മാറ്റുന്നതു കൊണ്ടുളള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രധാന ന്യൂനത വ്യക്തമാക്കുമോ;

(സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ധോണി ഫാമിലെ ജീവനക്കാർ</u>

5974 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി ബോർഡിന്റെ ധോണി ഫാമിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

**<u>കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ തിരുവനന്തപുരത്തെ ഗവേഷണ പഠന കേന്ദ്രം</u>**

5975 ശ്രീ. എ.റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ തിരുവനന്തപുരത്തെ ഗവേഷണ പഠന കേന്ദ്രം അടങ്ങുന്ന ഓഫീസ് സമുച്ചയം അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ആരുടെ ഉത്തരവനുസരിച്ചാണ്;

(ബി) പ്രസ്തുത ഗവേഷണ പഠന കേന്ദ്രം പൂട്ടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) വകുപ്പുമന്ത്രിയുടെ ഉത്തരവില്ലാതെ സർവ്വകലാശാല ഗ്രാന്റ് തടഞ്ഞവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>സ്റ്റേഷനറി സാമഗ്രികള്‍ വിതരണം ചെയ്ത ഇനത്തില്‍ ചെലവായ തുക</u>

5976 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകള്‍ക്കും സ്റ്റേഷനറി സാധനങ്ങള്‍ ലഭ്യമാക്കുന്ന ഇതര വിഭാഗങ്ങള്‍ക്കും കൂടി സ്റ്റേഷനറി സാമഗ്രികള്‍ വിതരണം ചെയ്ത ഇനത്തില്‍ 2012-13 വര്‍ഷം എത്ര തുക ചെലവായി എന്നു വെളിപ്പെടുത്തുമോ;

(ബി) നിയമസഭാ സാമാജികര്‍ക്ക് സ്റ്റേഷനറി സാമഗ്രികള്‍ നല്‍കിയ വകയില്‍ 2012-13 വര്‍ഷം എത്ര തുക ചെലവായി എന്നു വ്യക്തമാക്കുമോ;

(സി) നിയമസഭാ സാമാജികര്‍ക്ക് അനുവദിക്കപ്പെട്ട സ്റ്റേഷനറി സാമഗ്രികള്‍ കൃത്യമായി വിതരണം ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കും?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് സംവിധാനം</u>

5977 ശ്രീ.അൻവർ സാദത്ത്
'' പി. എ. മാധവൻ
'' വി. പി. സജീന്ദ്രൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേഷനറി വകുപ്പിൽ ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സ്റ്റേഷനറി വകുപ്പിന്റെ കാര്യക്ഷമതയ്ക്ക് ഈ സംവിധാനം എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

**അച്ചടി വകുപ്പിലെ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെ 'ഇന്റേണൽ അദർ ഡ്യൂട്ടി'**

5978 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉയർന്ന ശമ്പള സ്കെയിലിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് താഴ്ന്ന ശമ്പള സ്കെയിലുള്ള എൽ.ഡി. ക്ലർക്ക് പോലുള്ള തസ്തികയിൽ മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്ക് ഡെപ്യൂട്ടേഷൻ നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഔട്ടേണിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകേണ്ട ടെക്നിക്കൽ ജീവനക്കാരെ നോൺ പ്രൊഡക്ടീവ് വിഭാഗത്തിൽ 'ഇന്റേണൽ അദർ ഡ്യൂട്ടി' നൽകി വെറുതെ ഇരുത്തി ഔട്ടേണിൽ നിന്നും ഒഴിവാക്കി ഇൻക്രിമെന്റ്, പെർഫോർമെൻസ് അലവൻസ് ഇവ നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഔട്ടേൺ നൽകേണ്ട എത്ര ബൈന്റർമാരെ ഔട്ടേണിൽ നിന്നും ഒഴിവാക്കി ഗസറ്റ് ഡെസ്പാച്ച് സെക്ഷനിൽ നിയമിച്ചിട്ടുണ്ട്; അതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ; ഇവർക്ക് വാർഷിക ഇൻക്രിമെന്റ്, പെർഫോർമൻസ് അലവൻസ് ഇവ നൽകുന്നുണ്ടോ; എങ്കിൽ ഇത് നിയമപ്രകാരമാണോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>അച്ചടി വകുപ്പിലെ 'അദർ ഡ്യൂട്ടി' വ്യവസ്ഥകൾ</u>

5979 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ഓരോ പ്രസ്സിലേക്കും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അച്ചടി വകുപ്പിൽ ജീവനക്കാരെ അവരുടെ ലാവണം ഉള്ള പ്രസ്സിൽ നിന്നും മറ്റു പ്രസ്സുകളിലേക്ക് 'അദർ ഡ്യൂട്ടി' വ്യവസ്ഥയിൽ സ്ഥലം മാറ്റം നൽകി നിയമിക്കുമ്പോൾ 'അദർ ഡ്യൂട്ടി' എന്ന് ഉദ്ദേശിക്കുന്നതെന്താണ്; നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലിയല്ലാതെ മറ്റ് ജോലി ചെയ്യുമ്പോൾ അവരുടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലിയിലുള്ള പ്രൊബേഷൻ പൂർത്തിയായതായി കണക്കാക്കാൻ നിയമം അനുവദിക്കുന്നുണ്ടോ?